ഹൗസിംഗ് ബോർഡിൽ സർവ്വീസിലിരിക്കെ മരിച്ചു പോയവരുടെ ആശ്രിതർക്കുള്ള കട ബാദ്ധ്യത

160 (2142) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിൽ സർവ്വീസിലിരിക്കെ മരിച്ചു പോയവരുടെ ആശ്രിതരെ കട ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുവാനുള്ള നടപടികൾക്കായി പുറപ്പെടുവിച്ചിട്ടുള്ള 17-6-1997-ലെ ജി.ഒ.(പി) നമ്പർ. 591/97/ഫിൻ. ഉത്തരവ് അതേപടി ബോർഡിൽ നടപ്പിലാക്കുന്നതിന് ബോർഡ് സർക്കാരിന്റെ അംഗീകാരം തേടിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആനുകൂല്യം സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടോ ;

(സി) ഈ ആനുകൂല്യം ബോർഡിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) സർക്കാർ ജീവനക്കാർക്ക് ശമ്പള ക്ഷാമബത്ത മുതലായ ആനുകൂല്യങ്ങൾ ബോർഡിലെ ജീവനക്കാർക്കും വോറൊരു ഉത്തരവ് ഇല്ലാതെ തന്നെ നടപ്പിലാക്കാൻ ഹൗസിംഗ് ബോർഡ് സർക്കാരിന്റെ അംഗീകാരം തേടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ ആവശ്യം അംഗീകരിക്കുമോ ?

ഉത്തരം

(എ) 17-6-1997-ലെ ജി.ഒ.(പി)നമ്പർ.591/97/ഫിൻ. എന്ന സർക്കാർ ഉത്തരവ് സർക്കാർ ജീവനക്കാർക്ക് മാത്രമായിട്ടുള്ളതിനാൽ ബോർഡിൽ ബാധകമാക്കുന്നതിന് ഗവൺമെന്റ് വിസമ്മതിച്ചു. ഈ കാര്യം പുനപരിശോധിക്കണമെന്ന് ബോർഡിന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ ആനുകൂല്യം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയുന്നു.

(സി) 'എ'യിൽ ഉത്തരം നൽകിയിട്ടുണ്ട്.

(ഡി&ഇ) ഇക്കാര്യത്തിൽ ഹൗസിംഗ് ബോർഡ് സർക്കാരിന്റെ അനുമതി ചോദിച്ചെങ്കിലും ഗവൺമെന്റ് അതിനോടു യോജിച്ചിട്ടില്ല. ഹൗസിംഗ് ബോർഡിന്റെ ആവശ്യപ്രകാരം ഈ ആവശ്യം വീണ്ടും പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly